# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലെ വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും. 8 മണിക്ക് ആരംഭിക്കുന്ന വോട്ടെണ്ണലിൻറെ ആദ്യ ഫലസൂചനകൾ എട്ടരയോടെ.

The counting of votes in Wayanad, Palakkad and Chelakkara constituencies will begin shortly. Counting of votes will begin at 8 am.

2). മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും ഇന്ന് വോട്ടെണ്ണൽ; മഹാരാഷ്ട്രയിൽ മഹായുതി സഖ്യവും മഹാവികാസ് അഘാടി സഖ്യവും പ്രതീക്ഷയിൽ. ഝാർഖണ്ഡിൽ ഇഞ്ചോടിഞ്ച് പോരാട്ടമെന്ന് സർവേകൾ.

Counting of votes in Maharashtra and Jharkhand today; In Maharashtra close fight between Mahayuti and Mahavikas Aghadi. Surveys say close fight in Jharkhand.

3). കൃത്യവും ആധികാരികവുമായ തിരഞ്ഞെടുപ്പ് ഫലങ്ങൾ ജനങ്ങളിലെത്തിക്കാൻ വിപുലമായ ക്രമീകരണങ്ങളുമായി ആകാശവാണി വാർത്താവിഭാഗം. ആദ്യ പ്രത്യേക ബുള്ളറ്റിൻ രാവിലെ 9.30 ന്.

All India Radio news has made extensive arrangements to bring accurate and authentic election results to the people. The first special bulletin will be at 9.30 am.

4). **ആഗോളതലത്തിൽ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായ ഇന്ത്യയുമായി ലോക രാജ്യങ്ങൾ വികസന പങ്കാളിത്തം ആഗ്രഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**

**Prime Minister Narendra Modi said that every country wants to have a partnership with India for development.**

5). **ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചതിന് പിന്നാലെ മുനമ്പം സമരസമിതിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ചർച്ച നടത്തും.**

**After appointing the Judicial Commission, Chief Minister Pinarayi Vijayan will hold discussions with the Munambam Samara Samiti today.**

6). **ഇന്ത്യ - ഓസ്ട്രേലിയ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് പെർത്തിൽ ആവേശകരമായ തുടക്കം; ആദ്യദിനം വീണത് 17 വിക്കറ്റുകൾ.**

**Exciting start for India-Australia Test cricket series in Perth; 17 wickets fell on the first day.**

==========================================================

## ELECTION GENERAL

മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിൻറെയും, കേരളം ഉൾപ്പെടെ, 15 സംസ്ഥാനങ്ങളിലെ രണ്ട് ലോക് സഭാ സീറ്റുകളിലേക്കും, 48 നിയമസഭാ സീറ്റുകളിലേക്കും നടന്ന ഉപ തിരഞ്ഞെടുപ്പിൻറെയും വോട്ടെണ്ണൽ അൽപസമയത്തിനകം ആരംഭിക്കും. വോട്ടെണ്ണലിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പാലക്കാട്ടെ ത്രികോണ പോരാട്ടത്തിൽ ജയം ആർക്കെന്ന ആകാംക്ഷയിലാണ് രാഷ്ട്രീയ കേരളം. രാഹുൽ മാങ്കൂട്ടത്തിൽ ജയം കൊണ്ടുവരുമെന്ന് യുഡിഎഫ് പ്രതീക്ഷിക്കുമ്പോൾ സി കൃഷ്ണകുമാറിൻറെ പരിചയസമ്പത്തിലാണ് ബി ജെ പി പ്രതീക്ഷയർപ്പിക്കുന്നത്. ഡോ.സരിനെ ഇറക്കിയുള്ള പരീക്ഷണം വിജയം കാണുമെന്ന് എൽ ഡി എഫ് ഉറപ്പിക്കുന്നു. ചേലക്കരയിൽ, രമ്യ ഹരിദാസിലൂടെ യു ആർ പ്രദീപിന്റെ ജനകീയതയ്ക്ക് മറുപടി നൽകി എൽ ഡി എഫ് കോട്ട തകർക്കാനാകുമെന്ന

പ്രതീക്ഷയിലാണ് കോൺഗ്രസ്. ബാലകൃഷ്ണനിലൂടെ അട്ടിമറിജയമാണ് ബി ജെ പി ലക്ഷ്യമിടുന്നത്. വയനാട്ടിൽ പ്രിയങ്കഗാന്ധിയുടെ ജയത്തിൽ കുറഞ്ഞൊന്നും യുഡിഎഫ് പ്രതീക്ഷിക്കുന്നില്ല. അതേസമയം, സി പി ഐ സ്ഥാനാർഥി സത്യൻ മൊകേരിയും ബി ജെ പി സ്ഥാനാർഥി നവ്യ ഹരിദാസും തികഞ്ഞ ആത്മവിശ്വാസത്തിലാണ്. കൃത്യവും ആധികാരികവുമായ തിരഞ്ഞെടുപ്പ് ഫലങ്ങൾ ജനങ്ങളിലെത്തിക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ആകാശവാണി വാർത്താവിഭാഗം ഒരുക്കിയിരിക്കുന്നത്. ആദ്യ പ്രത്യേക ബുള്ളറ്റിൻ രാവിലെ 9.30-ന് കേൾക്കാം.

==============================================

**JHARKHAND MAHARASHTRA**

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. മഹാരാഷ്ട്രയിൽ, 288 അംഗ നിയമസഭയിലേക്കും, നന്ദേഡ് ലോക്സഭാ മണ്ഡലത്തിലേക്കും ഈ മാസം 20 നാണ് വോട്ടെടുപ്പ് നടന്നത്. ഝാർഖണ്ഡിൽ 81 നിയമസഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ് ഈ മാസം 13, 20 തിയതികളിലായി പൂർത്തിയായി. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസിന്റെ നേതൃത്വത്തിൽ മുംബൈയിൽ ബി.ജെ.പി നേതാക്കൾ യോഗം ചേർന്ന് മഹായുതി സഖ്യത്തിൻറെ സാദ്ധ്യതകൾ അവലോകനം ചെയ്തു. തിരെഞ്ഞെടുപ്പ് ചുമതലയുള്ള രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലാണ് മഹാരാഷ്ട്രയിൽ മഹാ വികാസ് അഘാഡിയുടെ രാഷ്ട്രീയ നീക്കങ്ങൾ.

==============================================

**BYPOLLS**

15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ മണ്ഡലങ്ങളിലേക്കും രണ്ട് പാർലമെന്റ് മണ്ഡലങ്ങളിലേക്കും നടന്ന ഉപതിരഞ്ഞെടുപ്പിന്റെ ഫലവും ഇന്നറിയാം. നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന ഉത്തർപ്രദേശിലെ 9, രാജസ്ഥാനിലെ 7, പശ്ചിമ ബംഗാളിലെ 6, അസമിലെ 5, ബിഹാറിലെയും പഞ്ചാബിലെയും 4 വീതം, കർണാടകയിലെ 3, കേരളം, മധ്യപ്രദേശ്, സിക്കിം എന്നിവിടങ്ങളിലെ 2, ഛത്തീസ്ഗഡ്, ഗുജറാത്ത്, മേഘാലയ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ഓരോ സീറ്റിലെയും ഫലങ്ങളും ഇന്ന് പ്രഖ്യാപിക്കും.

==============================================================

**WAYANAD COUNTING – (INTRO)**

വയനാട് ലോക്സഭാ മണ്ഡലത്തിൽ വോട്ടെണ്ണലിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. എട്ടരയോടെ ആദ്യ ഫലസൂചനകൾ പുറത്തു വരും.

**വിശദാംശങ്ങളുമായി ആകാശവാണി**

**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്.....**

**(VOICE..........)**

==============================================================

**PALAKKAD COUNTING – ( INTRO)**

പാലക്കാട് ഉപ തെരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ ആരംഭിക്കാൻ ഇനി അല്പസമയം മാത്രം. ഗവൺമെൻറ് വിക്ടോറിയ കോളേജാണ് വോട്ടെണ്ണൽ കേന്ദ്രം. വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണുന്നതിന് 14 ടേബിളുകളും തപാൽ ബാലറ്റുകൾ എണ്ണുന്നതിനായി അഞ്ച് ടേബിളുകളുമാണ് ഒരുക്കിയിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....**

**(VOICE.......)**

==================================================

**CHELAKKARA COUNTING – (INTRO)**

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന ചേലക്കര മണ്ഡലത്തിൽ വോട്ടെണ്ണലിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറായിക്കഴിഞ്ഞു. വോട്ടെണ്ണൽ കേന്ദ്രമായ ചെറുതുരുത്തി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പടെ ഇന്നലെ വിലയിരുത്തിയിരുന്നു.

**വോട്ടെണ്ണലിൻറെ കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്......**

**( VOICE.....)**

==================================================

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 116-ാാം പതിപ്പാണിത്.

==================================================

**P.M NARENDRA MODI MEDIA**

ലോക രാഷ്ട്രങ്ങൾ വികസനത്തിനായി ഇന്ത്യയുടെ പങ്കാളിത്തം ആഗ്രഹിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ന് ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന വലിയ സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. ജർമ്മനിയിലെ ഒരു മാധ്യമ സ്ഥാപനം സംഘടിപ്പിച്ച പരിപാടിയെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യവെയാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്. ഇന്ത്യ എല്ലാ മേഖലകൾക്കും

പുതിയ നയങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും 21-ാം നൂറ്റാണ്ടിൽ അതിവേഗ വളർച്ച കൈവരിക്കാൻ സ്വയം തയ്യാറെടുത്തിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

===========================================================

## PRESIDENT DROUPADI MURMU

ഒഡീഷയുടെ ചരിത്രത്തിലെ സുപ്രധാന സംഭവമായ കലിംഗ യുദ്ധവുമായി ബന്ധപ്പെട്ട അധ്യായങ്ങൾ ലോകത്തിന് സമാധാനത്തിന്റെ പാത കാണിച്ചുകൊടുക്കുന്നതാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിൽ ഇന്നലെ നടന്ന ത്രിദിന ഒഡീഷ പർബ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. പുരോഗതിക്ക് സമാധാനമാണ് പ്രധാനമെന്ന് ഈ യുദ്ധം ജനങ്ങളെ പഠിപ്പിക്കുന്നുവെന്ന് ശ്രീമതി മുർമു പറഞ്ഞു. ഒഡീഷയുടെ കല, സാഹിത്യം, നൃത്തം, സംഗീതം, പാചകരീതി എന്നിവയുടെ സമ്പന്നമായ പൈതൃകത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ ഒഡീഷ പർബ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

===========================================================

## PARLIAMENT -ALL PARTY MEETING

ഈ മാസം 25-ന് ആരംഭിക്കുന്ന പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ നാളെ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാണ് യോഗം. ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം.

===========================================================

## AMIT SHAH - DELHI

കുറ്റകൃത്യങ്ങൾക്കെതിരെ സന്ധിയില്ലാ നയമാണ് കേന്ദ്ര സർക്കാരിനുള്ളതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഡൽഹി പോലീസുമായി ചർച്ച നടത്തിയ കേന്ദ്രമന്ത്രി ദേശീയ തലസ്ഥാനത്തെ ക്രമസമാധാന നില അവലോകനം ചെയ്തു. ജനങ്ങളെ പൂർണമായും സുരക്ഷിതരാക്കുക എന്നത് ഓരോ പോലീസുകാരന്റെയും വ്യക്തിപരമായ ഉത്തരവാദിത്തമാണെന്നും കുട്ടികൾ, സ്ത്രീകൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്നും ശ്രീ അമിത് ഷാ നിർദ്ദേശിച്ചു.

================================================================

## MUNAMBAM

മുനമ്പം ഭൂമി പ്രശ്നത്തിൽ പരിഹാരത്തിനായി ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ ഇന്നലെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം. ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസായിരുന്ന സി. എൻ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള കമ്മീഷൻ. മൂന്നു മാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിക്കുമെന്ന് മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഭൂമിയിൽ കൈവശാവകാശം ഉള്ള ആരെയും ഒഴിപ്പിക്കില്ലെന്നും മന്ത്രി അറിയിച്ചു. അതേസമയം, വിഷയത്തിൽ സമരസമിതി ഭാരവാഹികളുമായി ഇന്ന് വൈകിട്ട് മുഖ്യമന്ത്രി ചർച്ച നടത്തും.

================================================================

## CRICKET

ബോർഡർ ഗാവസ്ക്കർ ട്രോഫിക്കുവേണ്ടിയുള്ള ഇന്ത്യ - ഓസ്ട്രേലിയ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ആവേശകരമായ തുടക്കം. ആദ്യ ദിനം, ഒന്നാം ഇന്നിംഗ്സിൽ 150 റൺസിന് ഓൾ ഔട്ടായ ഇന്ത്യ 67 റൺസെടുക്കുന്നതിനിടെ ഓസീസിന്റെ ഏഴ്

വിക്കറ്റുകൾ പിഴുത് തിരിച്ചടി നൽകി. നാല് വിക്കറ്റുകൾ വീഴ്ത്തിയ കാപ്റ്റൻ ബുമ്രയാണ് തിരിച്ചടിക്ക് നേതൃത്വം നൽകിയത്. മൂന്ന് വിക്കറ്റ് ശേഷിക്കെ ഇന്ത്യൻ സ്കോറിനൊപ്പമെത്താൻ ഓസീസിന് ഇനിയും 83 റൺസ് കൂടി വേണം.

==================================================

**IFFI**

ഗോവയിൽ നടക്കുന്ന 55 -ാ മത് - ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് സിനിമാ ആസ്വാദകരിൽ നിന്നും ചലച്ചിത്ര വിദ്യാർത്ഥികളിൽ നിന്നും മികച്ച പ്രതികരണം. ആഗോള സിനിമാ വ്യവസായ രംഗത്തെ നിർമ്മാതാക്കൾ വിതരണക്കാർ തുടങ്ങിയവരെ ഇന്ത്യൻ സിനിമയുമായി ബന്ധിപ്പിക്കുന്നതിനുള്ള വേദി കൂടിയായി മാറുകയാണ് മേള. ചലച്ചിത്രോത്സവത്തിന്റെ മൂന്നാം ദിനമായ ഇന്നും വിവിധ വിഭാഗങ്ങളിലായി നിരവധി ചിത്രങ്ങളാണ് പ്രദർശനത്തിനെത്തുന്നത്.

==================================================

**പ്രധാന വാർത്തകൾ വീണ്ടും....**

1). **രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലെ വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും. 8 മണിക്ക് ആരംഭിക്കുന്ന വോട്ടെണ്ണലിൻറെ ആദ്യ ഫലസൂചനകൾ എട്ടരയോടെ.**

2). **മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും ഇന്ന് വോട്ടെണ്ണൽ; മഹാരാഷ്ട്രയിൽ മഹായുതി സഖ്യവും മഹാവികാസ് അഘാടി സഖ്യവും പ്രതീക്ഷയിൽ. ഝാർഖണ്ഡിൽ ഇഞ്ചോടിഞ്ച് പോരാട്ടമെന്ന് സർവേകൾ.**

3). കൃത്യവും ആധികാരികവുമായ തിരഞ്ഞെടുപ്പ് ഫലങ്ങൾ ജനങ്ങളിലെത്തിക്കാൻ വിപുലമായ ക്രമീകരണങ്ങളുമായി ആകാശവാണി വാർത്താവിഭാഗം. ആദ്യ പ്രത്യേക ബുള്ളറ്റിൻ രാവിലെ 9.30 ന്.

4). ആഗോളതലത്തിൽ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായ ഇന്ത്യയുമായി ലോക രാജ്യങ്ങൾ വികസന പങ്കാളിത്തം ആഗ്രഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

5). ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചതിന് പിന്നാലെ മുനമ്പം സമരസമിതിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ചർച്ച നടത്തും.

6). ഇന്ത്യ - ഓസ്ട്രേലിയ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് പെർത്തിൽ ആവേശകരമായ തുടക്കം; ആദ്യദിനം വീണത് 17 വിക്കറ്റുകൾ.

വാർത്തകൾ കഴിഞ്ഞു..

ഇനി 09.30 ന് പ്രത്യേക തിരഞ്ഞെടുപ്പ് വാർത്തകൾ

====================================================

==========================

===============